# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 3059

19.06.2018 - ൽ
മറുപടിയ്ക്ക്

## സമഗ്ര പച്ചക്കറി കൃഷി വികസന പദ്ധതി

| ചോദ്യം<br>ശ്രീ.വി ജോയി | മറുപടി<br>ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| എ) സമഗ്ര പച്ചക്കറി കൃഷി വികസന പദ്ധതി പ്രകാരം നൽകുന്ന വിത്തുകളിൽ നിന്നും ലഭിക്കുന്ന വിളവുകളുടെ ഗുണനിലവാരവും വിളവിന്റെ അളവും പരിശോധിക്കപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് മികച്ചതാണോ എന്ന് വിശദമാക്കാമോ; | എ) ഉണ്ട്. സമഗ്ര പച്ചക്കറി കൃഷി വികസന പദ്ധതി പ്രകാരം കർഷകർ, സ്കൂൾ വിദ്യാർത്ഥികൾ, എൻ.ജി.ഒ. എന്നിവർക്കുള്ള വിത്തുകൾ ലഭ്യമാക്കുന്നതിന് വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ കേരളം (VFPCK) -യെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. സമഗ്ര പച്ചക്കറി കൃഷി വികസന പദ്ധതി പ്രകാരം വിതരണം ചെയ്യപ്പെടുന്ന വിത്തുകളുടെ ഗുണമേന്മ, വിത്തുകൾ ലഭിക്കുന്ന മുറയ്ക്ക് കൃഷി ഭവനുകളിൽ പരിശോധിക്കുകയും പരിശോധനയിൽ മികച്ചതല്ല എന്ന് കാണുന്ന പക്ഷം ആയത് ഉടനെ തന്നെ വിത്തുകൾ നൽകുന്ന സ്ഥാപനത്തെ അറിയിക്കുന്നതുമാണ്. വിത്തുകളിൽ നിന്ന് ലഭിക്കുന്ന വിളകളുടെ അളവ് കൃഷി ഭവനുകളിൽ ശേഖരിക്കുന്നുണ്ട്. പച്ചക്കറികളുടെ ഗുണനില വാരം പരിശോധിക്കുന്നതിന് 'Safe-to-Eat' എന്ന പദ്ധതിയിൽ പച്ചക്കറികളിലെ അവശിഷ്ട കീടനാശിനിയുടെ അളവ് കേരള കാർഷിക സർവ്വകലാശാല പരിശോധിക്കുന്നുണ്ട്. അവരുടെ റിപ്പോർട്ട് പ്രകാരം കേരളത്തിൽ ഉല്പാദിപ്പിക്കുന്ന 94% പച്ചക്കറിയും സുരക്ഷിതമാണ്. മുൻ വർഷങ്ങളിൽ പദ്ധതിയിൽ നൽകിയ വിത്തുകളുടെ ഗുണനിലവാരം തൃപ്തികരമാണെന്ന് കണ്ടിട്ടുണ്ട്. |
| ബി) സമഗ്ര പച്ചക്കറി കൃഷി വികസന പദ്ധതിയിലൂടെ നൽകുന്ന വിത്തുകൾ ഏത് സ്ഥാപനത്തിലാണ് ഉല്പാദിപ്പിക്കുന്നത് എന്ന് വ്യക്തമാക്കാമോ; | ബി) നിലവിൽ വി.എഫ്.പി.സി.കെ. ആണ് സമഗ്ര പച്ചക്കറി കൃഷി വികസന പദ്ധതിയിലൂടെ ആവശ്യമായ വിത്തുകൾ ഉല്പാദിപ്പിച്ച് നൽകുന്നത്. |
| സി) കേരള കാർഷിക സർവ്വകലാശാലയിൽ ഉല്പാദിപ്പിക്കുന്ന വിത്തുകൾ ഈ പദ്ധതിയിലൂടെ കർഷകർക്ക് നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | സി) വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ കേരളം(VFPCK) -യെയാണ് സമഗ്ര പച്ചക്കറി കൃഷി വികസന പദ്ധതി വഴി വിത്തുകൾ വിതരണം ചെയ്യുന്നതിന് ചുമതലപ്പെടുത്തിയിരിക്കുന്നത്. കേരള കാർഷിക സർവ്വകലാശാലയിൽ ഉല്പാദിപ്പിക്കുന്ന വിത്തുകൾ കൂടി VFPCK സംഭരിക്കണമെന്ന നിർദ്ദേശം നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ